**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2922** **25-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വനപരിശീലന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനസേനയെ കാലോചിതമായി നവീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | വനസേനയെ കാലോചിതമായി നവീകരിക്കുന്നതിന് എല്ലാ തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കും വിവിധ വിഷയങ്ങളിൽ ശാസ്ത്രീയമായ പരിശീലനം യഥാസമയം നൽകിവരുന്നു. അതിന്റെ ഭാഗമായി പരിശീലനാർത്ഥികളുടെ സിലബസ് പരിഷ്കരിക്കുന്നതിനും, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട വിവിധ തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് പ്രത്യേക പ്രായോഗിക പരിശീലനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>NABARD/RIDF പദ്ധതിയിൽ ഉൾപ്പെടുത്തി ചെക്കുപോസ്റ്റുകൾ, ഫോറസ്റ്റ് സ്റ്റേഷനുകൾ, ബാരക്കുകൾ എന്നിവ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കൂടുതൽ വാഹനങ്ങൾ, ആയുധങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>ഭരണ നിർവ്വഹണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ ഓൺലൈൻ മോഡ്യൂളുകളും മൊബൈൽ ആപ്പുകളും ഉപയോഗപ്പെടുത്തി വരുന്നു. വനം കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിനും കോടതിയിൽ സമർപ്പിക്കേണ്ട രേഖകൾ തയ്യാറാക്കുന്നതിനും HAWK- Offence Module ഉപയോഗപ്പെടുത്തിവരുന്നു. പട്രോളിംഗ് നടത്തുന്ന സമയത്ത് വിവരങ്ങൾ M-STriPES മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ആവശ്യമായ പരിശീലനം നൽകി നടപ്പിലാക്കിവരുന്നു.<br><br>വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി നിലവിൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചുവരുന്ന ദ്രുതകർമ്മ സേനകൾക്ക് പുറമെ 31-05-2024 ലെ സ.ഉ (കൈ)23/2024/വനം നമ്പർ ഉത്തരവ് പ്രകാരം 9 ദ്രുതകർമ്മ സേനകൾ കൂടി രൂപീകരിച്ചിട്ടുണ്ട്<br><br>സ.ഉ (കൈ) 3/2021/വനം തീയതി 12-02-2021, സ.ഉ (കൈ) 8/2022/വനം തീയതി 10-02-2022 എന്നീ ഉത്തരവുകൾ പ്രകാരം വനാശ്രിതരായ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിന് 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. നിയമനം ലഭിച്ചവരിൽ 481 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ പ്രാഥമിക പരിശീലനത്തിനായി തൃശ്ശൂർ, കേരള പോലീസ് അക്കാഡമിയിലേക്ക് നിയോഗിക്കുകയും ഇവരിൽ 462 പരിശീലനാർത്ഥികൾ ഫോറസ്ട്രി/ പോലീസ് പരിശീലനം പൂർത്തിയാക്കു കയും തുടർന്ന് വിവിധ വനം ഡിവിഷനുകളിൽ നിയോഗിച്ചിട്ടുള്ളതുമാണ്. |
| (ബി) | സംസ്ഥാനത്ത് എത്ര വനപരിശീലന കേന്ദ്രങ്ങളാണ് നിലവിൽ ഉള്ളതെന്നും വനപരിശീലന കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലുള്ള അരിപ്പ, പാലക്കാട് ജില്ലയിലുള്ള വാളയാർ എന്നിവിടങ്ങളിലായി രണ്ട് വനപരിശീലന കേന്ദ്രങ്ങളാണ് ഉള്ളത്.<br><br>അരിപ്പ സംസ്ഥാന വനപരിശീലന കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഒരു മൾട്ടി പർപ്പസ് ഇൻഡോർ കോർട്ട് കോംപ്ലക്സും നീന്തൽ കുളവും നിർമ്മാണം പൂർത്തീകരിച്ച് ഉപോഗിച്ചുവരുന്നു. കൂടാതെ ബസ്സ് ഷെഡ് കം ഓപ്പൺ എയർ ആഡിറ്റോറിയം, മെസ്സ് ഹാൾ, ടോയ്‌ലറ്റ് ബ്ലോക്ക് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അരിപ്പയിൽ അക്കാഡമിക് കം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ട്രെയിനീസ് ഹോസ്റ്റൽ ബ്ലോക്ക്, എക്സിക്യൂട്ടീവ് ഹോസ്റ്റൽ ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.<br><br>വാളയാർ സംസ്ഥാന വനപരിശീലന കേന്ദ്രത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി രണ്ട് ബാരക്കുകൾ നവീകരിക്കുകയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിലേക്കുമായി ഒരു കിണറും ജലശുചീകരണ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ